"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ്- എരഞ്ഞോളി ഗ്രാമപഞ്ചായത്ത് - 2019-20 വാർഷിക പദ്ധതി- "എരഞ്ഞോളി ബഡ്സ് റീഹാബിലിറ്റേഷൻ സെൻറർ ദൈനംദിന നടത്തിപ്പ്" എന്ന പദ്ധതി (പ്രോജക്ട് നം.38/20) നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതം സെന്ററിന്റെ ദിനംദിന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഐ.എ)വകുപ്പ്

G.O.(Rt)No.2353/2019/LSGD തീയതി,തിരുവനന്തപുരം, 24/10/2019

---

പരാമർശം:- 1 കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21/08/2019-ലെ SRG/778/19-CC/515/2019 നമ്പർ കത്ത്.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 26.9.2019-ൽ ചേർന്ന യോഗത്തിലെ തീരുമാനം നം.4.14.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക പദ്ധതിയിൽ 12,84,600/- രൂപ അടങ്കൽ തുക വകയിരുത്തി ആവിഷ്കരിച്ചിട്ടുള്ള "എരഞ്ഞോളി ബഡ്സ് റീഹാബിലിറ്റേഷൻ സെൻറർ ദൈനംദിന നടത്തിപ്പ്" എന്ന പദ്ധതി (പ്രോജക്ട് നം.38/20) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി പരാമർശം(1) പ്രകാരം കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസർ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ജില്ലാ പഞ്ചായത്ത് വിഹിതമായി 5,00,000/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 5,20,000/-രൂപയും എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്ന് 1,72,875/- രൂപയും തനത് ഫണ്ടിൽ നിന്നും 91,725/- രൂപയും ചേർത്താണ് 12,84,600/- രൂപ അടങ്കൽ തുക വകയിരുത്തിയിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖ പ്രകാരം ബഡ്സ് റീഹാബിലിറ്റേഷൻ സെൻററിന് സ്ഥലം വാങ്ങൽ, കെട്ടിടം പണി, ഫർണിച്ചർ, മറ്റുപകരണം എന്നിവയ്ക്ക് ബ്ലോക്ക് / ജില്ലാ പഞ്ചായത്ത് വിഹിതം നൽകാവുന്നതാണ്. ദൈനംദിന പ്രവർത്തനങ്ങൾക്ക് ഫണ്ടിന്റെ കുറവ് ഉള്ളതിനാൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതം സെന്ററിന്റെ ദിനംദിന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനാണ് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി പരാമർശം(1) പ്രകാരം ആവശ്യപ്പെട്ടിട്ടുള്ളത്. 26.9.2019-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം പരിഗണിക്കുകയും പരാമർശം(2) പ്രകാരം അനുമതി നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം(2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, എരഞ്ഞോളി ഗ്രാമപഞ്ചായത്തിൻറെ മേല്പറഞ്ഞ "എരഞ്ഞോളി ബഡ്സ് റീഹാബിലിറ്റേഷൻ സെൻറർ ദൈനംദിന നടത്തിപ്പ്" എന്ന പദ്ധതി (പ്രോജക്ട് നം.38/20) നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതം സെന്ററിന്റെ ദിനംദിന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

പ്രസിഡന്റ്, എരഞ്ഞോളി ഗ്രാമപഞ്ചായത്ത്, കണ്ണൂർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ പ്ലാനിംഗ് ഓഫീസർ, കണ്ണൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
സെക്രട്ടറി എരഞ്ഞോളി ഗ്രാമപഞ്ചായത്ത്, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ,ആഡിറ്റ്/എൽ.ബി.എ)തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ